**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളിന് മുൻ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗവ. എൽ.പി. സ്കൂളിന് വേണ്ടി ടി.കെ. കുഞ്ഞമ്മത് ഹാജി ദാനമായി നൽകിയ സ്ഥലം 03.03.2005-ലെ സ.ഉ.(സാധാ.) നമ്പർ 909/05/പൊ.വി. പ്രകാരം ഏറ്റെടുത്ത് പുറപ്പെടുവിച്ച ഉത്തരവിലെ നിബന്ധനകൾ വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ കൊടുവള്ളി എൽ. പി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം സർക്കാർ ഏറ്റെടുത്തു കൊണ്ട് ഉത്തരവായ സ.ഉ.(സാധാ) നം. 909/05/ പൊവിവ തീയതി 03.03.2005 ലെ നിബന്ധകൾ ചുവടെ ചേർക്കും പ്രകാരമാണ്.<br><br>1. സർക്കാർ ഏറ്റെടുത്ത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ പഠന സംബന്ധമല്ലാത്തതും സ്കൂളിന്റെ സ്വന്തമല്ലാത്തതുമായ എല്ലാ വസ്തുമയങ്ങളും(വസ്തുക്കളും) കുഴിക്കൂടുകളും (ശവക്കുഴികളും) കെട്ടിടം ഉടമയ്ക്ക് വിട്ടു കൊടുക്കുന്നതാണ്.<br><br>2. പ്രസ്തുത സ്ഥലത്തുള്ള പഴയ കെട്ടിടങ്ങൾ സ്ഥലം ഉടമ സ്വന്തം ചെലവിൽ പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്.<br><br>3.കൊടുവള്ളി ഗവ.എം.എൽ.പി സ്കൂളിന് കൊടുവള്ളി പഞ്ചായത്തിന്റെ മുൻ പ്രസിഡന്റ് ടി.കെ. പരിയേയികുട്ടി അധികാരിയുടെ പേര് നൽകണമെന്ന ആവശ്യം പൊതുവിദ്യാഭ്യാസ ഡയറക്ടർ തീരുമാനമെടുക്കുന്നതാണ് |
| (ബി) | കൊടുവള്ളി ഗ്രാമപ്പഞ്ചായത്ത് മുൻ പ്രസിഡന്റ് ടി.കെ. പരിയേയിക്കുട്ടി അധികാരിയുടെ പേര് സ്കൂളിന് നൽകണമെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; ആയതിന് ആരെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇക്കാര്യത്തിലുള്ള നടപടി വൈകിയതിന് ഇടയാക്കിയ കാരണം വ്യക്തമാക്കാമോ; | (ബി) | സ്കൂളിന്റെ പേരുമാറ്റം സംബന്ധിച്ച അപേക്ഷ മാനേജർ 20.01.2025-ൽ ആണ് സമർപ്പിച്ചിട്ടുള്ളത്. അപേക്ഷയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരീക്ഷാ ജോയിന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സ്ഥലം നൽകുമ്പോൾ ഉണ്ടാക്കിയ കരാർ പാലിക്കാത്ത സാഹചര്യത്തിൽ ദാനമായി നൽകിയ പ്രസ്തുത സ്ഥലം വിട്ടുകിട്ടണമെന്ന് അനന്തരാവകാശികൾ ആവശ്യപ്പെടുന്ന പക്ഷം | (സി) | കരാർ പാലിക്കുന്നത് സംബന്ധിച്ച മാനേജരുടെ അപേക്ഷ 20.01.2025-ൽ സർക്കാരിൽ ലഭ്യമാകുകയും നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | | |
| (ഡി) | സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചത് പ്രകാരം സ്കൂളിന് മുൻ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മാനേജർ നൽകിയ അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ